തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിലാളി യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിന് നിയമം

* 92 [97] ശ്രീ. എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കുമാരൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിലാളി യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിന് സംസ്ഥാനത്ത് എന്തെങ്കിലും പ്രത്യേക നിയമം നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതുസംബന്ധമായ നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഇല്ല.

(ബി, സി) ഈ കാര്യം പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. എം. കെ. കേശവൻ : തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിലാളി യൂണിയനുകളുടെ അംഗീകാരം ഏതെങ്കിലും തത്വത്തിന്റെയോ നിയമത്തിന്റെയോ അടിസ്ഥാനത്തിൽ വേണമെന്ന് ഈ രാജ്യത്തെ തൊഴിലാളികൾ ദീർഘകാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരു തൊഴിലാളി പ്രവർത്തകൻ കൂടിയായിരുന്ന തൊഴിൽ വകുപ്പുമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ തൊഴിലാളി യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച ഏതെങ്കിലും ഒരു നിയമം ഈ സംസ്ഥാനത്ത് ഉണ്ടാക്കാൻ നിർദ്ദേശം വച്ചിട്ടുണ്ടോ ; അതിന് നടപടി സ്വീകരിച്ചോ ?

ശ്രീ. കെ. ശിവദാസൻ : അങ്ങനെയൊരു നിർദ്ദേശം ക്യാബിനറ്റിന്റെ പരിഗണനയിൽ വരികയും ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയെ ഇതിനെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങളടങ്ങിയ ഒരു ബിൽ ഉണ്ടാക്കാൻ നിയോഗിക്കുകയും ചെയ്തു. ആ കമ്മിറ്റി റിപ്പോർട്ട് കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ബിൽ ഡ്രാഫ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആ ഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട യൂണിയനുകളോടുകൂടി ചർച്ച നടത്തിയിട്ട് ബിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കെ. കേശവൻ : ഈ അടുത്തകാലത്ത് കെ. എസ്. ആർ. ടി. സി.യിൽ യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച ഒരു റെഫറണ്ടം നടത്തുകയുണ്ടായി. തൊഴിലാളി യൂണിയനുകളെ അംഗീകരിക്കുന്നത് സീക്രട്ട് ബാലറ്റിലൂടെയായിരിക്കണമെന്ന് ഇൻഡ്യയിലെ തൊഴിലാളി യൂണിയനുകൾ ഒന്നടങ്കം ആവശ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആ തത്വം അംഗീകരിച്ചു നടപ്പിലാക്കാൻ തയ്യാറാകാതിരുന്നത് എന്തു കൊണ്ടാണ് ?

ശ്രീ. കെ. ശിവദാസൻ : നമ്മുടെ രാജ്യത്ത് ഇപ്പോഴും തൽസംബന്ധമായ നിയമങ്ങളൊന്നുമില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഉണ്ടായത്, സുപ്രീം കോടതി വിധിയെ തുടർന്ന്, അതിനെ സംബന്ധിച്ച് ഹൈക്കോടതിയുടെ ഡയറക്ഷന്റെ അടിസ്ഥാനത്തിലാണ്. ഗവൺമെന്റ് ഹൈക്കോടതി വിധി നടപ്പിലാക്കിയെന്നുള്ളതല്ലാതെ അതിന് ഗവൺമെന്റിനു പ്രത്യേകിച്ച് നിയമ പരമായ ഉത്തരവാദിത്വമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : അങ്ങനെ റെഫറണ്ടം നടത്തുമ്പോഴും സീക്രറ് ബാലറ്റ് മുഖേന അഭിപ്രായം രേഖപ്പെടുത്താനുള്ള നടപടിക്രമം വേണമെന്നുള്ളതാണ് കേന്ദ്ര ട്രേഡ് യൂണിയനുകളും ആവശ്യപ്പെട്ടിട്ടുള്ളത്. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ എന്തുകൊണ്ട് ആ തത്വം അംഗീകരിച്ചിട്ടില്ല.

ശ്രീ. കെ. ശിവദാസൻ : സീക്രറ് ബാലറ്റ് വേണമെന്ന് കേന്ദ്ര ട്രെയിഡ് യൂണിയനുകളും എല്ലാം പറഞ്ഞുവെന്ന് പറയുന്നത് ശരിയല്ല. ചെക്ക് ഓഫ് സിസ്റ്റം മതിയെന്നു പറയുന്ന ട്രെയിഡ് യൂണിയനുകളും ഉണ്ട്. കേരളത്തിൽ ഇങ്ങനെ ഒരു നിയമമില്ല. ഹൈക്കോടതി നൽകിയ ഒരു ഡയറക്ഷന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഇത് പ്രാവർത്തികമാക്കുകയാണ് ചെയ്തത്. ഇത് ഗവൺമെന്ററിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ട്രെയിഡ് യൂണിയനുകളുടെ അംഗീകാരത്തെ സംബന്ധിച്ച് ഒരു നിയമം കൊണ്ടുവന്ന് പരിഹരിക്കുമെന്നു പറഞ്ഞു. 1981-ൽ അന്നത്തെ ഗവൺമെന്റ് ഒരു ട്രെയിഡ് യൂണിയൻ അംഗീകാര ബിൽ ഈ സഭയിൽ അവതരിപ്പിക്കുകയും അത് സെലക്ട് കമ്മിറ്റിക്ക് റെഫർ ചെയ്യുകയും ചെയ്തു. സെലക്ട് കമ്മിറ്റി അന്വേഷണം പൂർത്തിയായ ഘട്ടത്തിലാണ് ആ ഗവൺമെന്റും നിയമസഭയും പോയത്. ആ ബില്ലിനെ സംബന്ധിച്ച് ഗവൺമെന്ററിന്റെ നിലപാട് എന്താണ് ; അത് മാറ്റി പുതിയ ബിൽ കൊണ്ടുവരാനാണോ ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. ശിവദാസൻ : അത് ലാപ്സായിപ്പോയി. ആ ബില്ലിലെ വ്യവസ്ഥകൂടി പരിഗണിച്ചാണ് പുതിയ ബിൽ ഡ്രാഫ്റ്റ് ചെയ്തത്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഉണ്ടായിരിക്കുന്ന പ്രശ്നം സുപ്രീംകോടതിയുടെ വിധിപ്രകാരം ആണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. യൂണിയനുകളുമായി ചർച്ച ചെയ്തിട്ട് ഡ്രാഫ്റ്റ് ഉണ്ടാക്കി ആ ഡ്രാഫ്റ്റ് സെൻട്രൽ യൂണിയൻ ഓർഗനൈസേഷൻസനോടുകൂടി ആലോചിച്ച് ബില്ലാക്കാൻ പോകുന്നുവെന്നു പറഞ്ഞു. അങ്ങനെ ചെയ്യുമ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഉൾക്കൊള്ളുന്ന പ്രസ്ഥാനമുൾപ്പെടെ മിക്കവാറും എല്ലാ ട്രെയിഡ് യൂണിയനുകളും പറയുന്നത് സീക്രറ് ബാലറ്റ് വേണമെന്നാണ്. അത് അടിസ്ഥാനപ്രമാണമായി അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ; അങ്ങനെ വല്ല നിലപാടും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : ട്രെയിഡ് യൂണിയനുകളുമായി ചർച്ച ചെയ്യാൻ പോകുന്ന വിഷയത്തെ സംബന്ധിച്ച് മുൻകൂർ അഭിപ്രായം പറയുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ഗവൺമെൻറ് തയ്യാറാക്കുന്ന ഡ്രാഫ്റ്റിൽ ഇത് പ്രിൻസിപ്പിളാക്കി എടുത്തിട്ടുണ്ടോ എന്നാണ് ചോദിച്ചത്.

ശ്രീ. കെ. ശിവദാസൻ : ഇവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിച്ചത് ആഗം ഇൻഡ്യാ ലേബർ കോൺഫറൻസിൽ വലിയ വിവാദവിഷയമാണ്. ഇവിടെ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള സെൻട്രൽ ട്രെയിഡ് യൂണിയനുകളും ചെക്ക് ഓഫ് സിസ്റ്റം മതിയെന്നു വാദം ഉന്നയിക്കുകയും മറ്റ് പല യൂണിയനുകളും സ്ട്രൈക്കിന് ബാലറ്റ് വേണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു. ഇത് ആഗം ഇൻഡ്യാ അടിസ്ഥാനത്തിൽ വലിയ വിവാദമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇത് നിലനിൽക്കുന്നതുകൊണ്ടാണ് എല്ലാവരുമായി കൂടിയാലോചിക്കണമെന്ന് തീരുമാനിച്ചത്. സ്ട്രൈക്കിന് ബാലറ്റ് കൊണ്ടു വന്നാൽ അതിനുവേണ്ടി പ്രത്യേക സംവിധാനങ്ങളും വേണമെന്നുള്ളതുകൊണ്ടും പല സെൻട്രൽ ട്രെയിഡ് യൂണിയനുകൾക്കും എതിർപ്പുണ്ടെന്നുള്ളതുകൊണ്ടും അതേ സംബന്ധിച്ച് കൂടിയാലോചന നടത്തണം. ചെക്ക് ഓഫ് സിസ്റ്റമായാൽ വലിയ കുഴപ്പം ഉണ്ടാകുകയില്ല എന്ന രീതിയിലാണ് ബിൽ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. കേരളത്തെപ്പോലെ ട്രെയിഡ് യൂണിയൻ മൂവ്മെൻറ് വളരെ ശക്തമായ ഒരു സ്ഥലത്ത് ചെക്ക് ഓഫ് സിസ്റ്റം മതിയെന്നു പറഞ്ഞാൽ, തെരഞ്ഞെടുപ്പിന് പർട്ടിക്കുലർ അതോറിട്ടിയുണ്ടാക്കി, ആ അതോറിട്ടി ഒരു സർട്ടിഫിക്കറ് നൽകണം. അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള മെമ്പർഷിപ്പിന്റെ കണക്കുകൂടി നോക്കണം. അങ്ങനെ വരുമ്പോൾ ഇതിന് പ്രത്യേക തെരഞ്ഞെടുപ്പു സംവിധാനം ഉണ്ടാക്കണം. ഇതിന് മുമ്പുള്ള മാസങ്ങളിൽ കൊടുത്തിട്ടുള്ള മാസവരി, ഞാൻ ഇന്ന യൂണിയനിലെ മെമ്പറാണ് എന്റെ മാസവരി ഡിഡക്ട് ചെയ്ത് കൊടുക്കണമെന്ന് അപേക്ഷ കൊടുക്കുകയും ഇതിനുവേണ്ടി നിയുക്തമായ ഓഫീസർക്കു ഇതിന്റെ കോപ്പി കൊടുക്കുകയും ചെയ്യുന്ന സംവിധാനം ഉണ്ടാകണം. കേരളത്തിൽ ഇതു നടപ്പിലാക്കിയാൽ ഈ പറയുന്ന രീതിയിൽ അപാകത ഉണ്ടാകുമോയെന്നുള്ളത് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. പ്രഥമദൃഷ്ട്യാ അപാകതയുണ്ടെന്നു തോന്നുന്ന സാഹചര്യം അല്ല കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിലുള്ളത്. എന്തായാലും തൊഴിലാളി യൂണിയനുകളുടെ അഭിപ്രായം ആരാഞ്ഞിട്ട് ഇതിനെ സംബന്ധിച്ച് തീരുമാനമെടുക്കാം.

ശ്രീ. കെ. ടി. കുമാരൻ : തെരഞ്ഞെടുപ്പു മുഖേന തൊഴിലാളി യൂണിയനുകളുടെ അംഗീകാരത്തെ സംബന്ധിച്ച് കേന്ദ്രത്തിലും സംസ്ഥാനത്തിലും ഒരു നിയമം ഇല്ലെന്നുള്ളതുകൊണ്ട് ഇപ്പോൾ കെ. എസ്. ആർ. ടി. സി. യിൽ നടപ്പിൽ വരുത്തിയിട്ടുള്ള ഈ നടപടി കോടതിയോട് ബന്ധപ്പെട്ടതായാലും സ്റ്റേ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ഇത് ലേബർ ഡിപ്പാർട്ടുമെൻറിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. ഹൈക്കോടതിയുടെ വിധി ആ ഡിപ്പാർട്ടുമെൻറ് നടപ്പിലാക്കുകയും ആ ഡിപ്പാർട്ടുമെൻറ് ഇതിനുവേണ്ടി കാര്യങ്ങൾ ചെയ്യുകയുമാണ് ചെയ്തത്.

ശ്രീ. കെ. ടി. കുമാരൻ: ഇതിൽ വലിയ പ്രശ്നം ഉണ്ടെന്ന് തോന്നുന്നില്ല. തൃശ്ശൂരിൽ ഉണ്ണി എഴുത്തച്ഛൻ അനധികൃതമായി കെട്ടിയ ഒരു കെട്ടിടം പൊളിച്ചുമാറ്റാൻ ഹൈക്കോടതി നിർദ്ദേശമുണ്ടായിട്ടും പൊളിച്ചുനീക്കാതെ സ്റ്റേ സമ്പാദിച്ചു.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : നോ. നോ. ഈ ചോദ്യം അനുവദിക്കാവുന്നതല്ല.

ശ്രീ. വി. കെ. രാജൻ : കെ.എസ്.ആർ.ടി.സി.യിൽ ഒരു റെഫറണ്ടം നടത്തി 20 ശതമാനത്തിൽ കൂടുതൽ ആളുകളുള്ള യൂണിനുകളെ അംഗീകരിച്ചു. അതിനുശേഷം 20 ശതമാനത്തിനു താഴെ അംഗങ്ങളുള്ള രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് ട്രെയിഡ് യൂണിനെന്നുള്ള നിലയിൽ പ്രവർത്തിക്കാൻ കഴിയാത്ത ഒരവസ്ഥ ഉണ്ടായിട്ടുണ്ടെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന് മാറ്റം വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : ഇത് സംബന്ധമായി നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്നത് ട്രെയിഡ് യൂണിയൻ ആക്ട് ആണ്. ട്രെയിഡ് യൂണിയൻ ആക്ട് നൽകുന്ന അവകാശങ്ങളാണ് ട്രെയിഡ് യൂണിയനുകൾക്ക് നിയമപരമായി ലഭിക്കുന്നത്. ആ അവകാശങ്ങൾക്കൊന്നും യാതൊരു ഭംഗവും ഉണ്ടാകുന്നതല്ല. ഇതൊരു ഇൻറേണൽ അറേഞ്ച്മെൻറാണ്. നിയമപരമായി ഇവിടെ ഒരു വ്യവസ്ഥയില്ലാതിരിക്കെ, റെക്കഗ്നിഷൻ എന്ന ഒരു തത്വം ചില മാനേജുമെൻറുകൾ സ്വീകരിച്ചതാണ്. അല്ലാതെ ഒരു തൊഴിൽത്തർക്കം ലേബർ ഡിപ്പാർട്ട്മെൻറ് മുഖേന റെയിസ് ചെയ്ത് പ്രോസസ് ചെയ്യുന്നതിന് ഇതൊരു തടസ്സമല്ല. ട്രെയിഡ് യൂണിയൻ ആക്ട് അനുസരിച്ചുള്ള എല്ലാ അവകാശങ്ങളും എല്ലാ ട്രെയിഡ് യൂണിയനുകൾക്കും ഇപ്പോഴുണ്ട്.

ശ്രീ. വി. കെ. രാജൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ല ഉത്തരമാണ്. എന്നാൽ കെ.എസ്.ആർ.ടി.സി.യിൽ അങ്ങനെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ട്രെയിഡ് യൂണിയനുകൾക്ക് ബോർഡ് പോലും തൂക്കാൻ അവകാശം നൽകാത്ത ഒരു നടപടി ഇപ്പോൾ സ്വീകരിച്ചിരിക്കുന്നു. അതു മാറാൻ ലേബർ ഡിപ്പാർട്ട്മെൻറിന് എന്തു ചെയ്യാൻ കഴിയും?

ശ്രീ. കെ. ശിവദാസൻ : ബോർഡ് വയ്ക്കുക എന്നു പറയുന്ന അവകാശം റെക്കഗ്നൈസ്ഡ് ട്രെയിഡ് യൂണിയനുകൾക്ക് ആ സ്ഥാപനം നൽകിയ ഒരു അവകാശമാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ റെക്കഗ്നിഷൻ പിൻവലിച്ചപ്പോൾ ബോർഡ് വയ്ക്കാനുള്ള അവകാശവും അതോടൊപ്പം നഷ്ടമായി. എന്നാൽ ട്രെയിഡ് യൂണിയൻ ആക്ട് അനുസരിച്ച് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റെയിസ് ചെയ്തു പ്രോസസ് ചെയ്യാനുള്ള എല്ലാ അവകാശവും നിലനിൽക്കുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇവിടെ കെ. എസ്. ആർ. ടി. സി. യിൽ ട്രെയിഡ് യൂണിയനുകളുടെ അംഗീകാരത്തിനുവേണ്ടി നടത്തിയ റെഫറണ്ടം സുപ്രീംകോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

റെഫറണ്ടം നടത്തേണ്ടത് രഹസ്യബാലറ്റിലൂടെയായിരിക്കണമെന്ന് കേരളത്തിലെ മുഴുവൻ തൊഴിലാളി സംഘടനകളും ആവശ്യപ്പെട്ടതിന് വ്യത്യസ്തമായ ഒരു രീതിയാണ് അവലംബിച്ചിട്ടുള്ളത്. അങ്ങനെ പരസ്യ വോട്ടെടുപ്പിലൂടെ ഈ സംസ്ഥാനത്തിൽ വീണ്ടും നടപടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? അങ്ങനെ ചെയ്യുന്നില്ലെങ്കിൽ തൊഴിലാളി സംഘടനകളുടെ അംഗീകാരത്തിന്റെ പ്രശ്നത്തിൽ, അത് രഹസ്യബാലറ്റിലൂടെ തന്നെ നടപ്പാക്കണമെന്ന് കെ.എസ്.ആർ.ടി.സി. ക്ക് നിർദ്ദേശം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ : ഗവൺമെൻറ് തീരുമാനം നടപ്പാക്കിയതല്ല. അത് നിയമപരമായ ഒരു നടപടിയാണ്. അത് ഹൈക്കോടതിയുടെ വിധിയാണ്. നമ്മുടെ സംസ്ഥാനത്തെ നിയമ വാഴ്ചയനുസരിച്ച് ഹൈക്കോടതി വിധിയനുസരിക്കാൻ നമ്മളെ ബാദ്ധ്യസ്ഥരാണ്. അതിന് വേറൊരു അർത്ഥവുമില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ശ്രീ. വി. കെ. രാജന്റെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇൻഡ്യൻ ട്രെയിഡ് യൂണിയൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിയനുകളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന വിധത്തിൽ യാതൊരു നീക്കവും ഉണ്ടാകുകയില്ലെന്നാണ്. എന്നാൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിയനുകളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന വിധത്തിൽ, അംഗീകാരം നിർത്തലാക്കുക വഴി രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിയനുകൾക്ക് പ്രവർത്തനം നടത്താൻ പറ്റാത്ത ഒരു അവസ്ഥ വന്നിരിക്കുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിയനുകളെ കൂട്ടാതെ കൺസിലിയേഷൻ കോൺഫറൻസ് നടത്താൻ പാടില്ലെന്നൊരു നിർദ്ദേശം കൺസീലിയേഷൻ ഓഫീസർക്ക് കൊടുക്കുമോ ? അതോടൊപ്പം അത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാതിരിക്കാൻ വേണ്ട നിർദ്ദേശം തൊഴിലുടമകൾക്ക് നൽകാനും ഗവൺമെൻറ് സന്നദ്ധമാകുമോ ?

ശ്രീ. കെ. ശിവദാസൻ : പ്രത്യേകമായ ഒരു നിർദ്ദേശം കൊടുക്കാതെ തന്നെ ഇതു നിയമപരമായ വ്യവസ്ഥയാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടനുസരിച്ച് അധികാരപ്പെട്ട കൺസീലിയേഷൻ ഓഫീസർക്ക് മാത്രമെ ഇത് നൽകാൻ അവകാശമുള്ളു. എന്നാൽ ബൈപാർട്ടി എഗ്രിമെൻറിനും ബൈപാർട്ടി നെഗോഷ്യേഷനും ഇത് നിഷിദ്ധമല്ല. പക്ഷേ കൺസീലിയേഷൻ എഗ്രിമെൻറ് ആകുകയില്ല. ഇവിടെ മാനേജ്മെൻറുകൾ വിളിച്ചാൽ യൂണിയനുകൾ പോകുകയില്ല. ലേബർ ഡിപ്പാർട്ടുമെൻറിൽ റെയിസ് ചെയ്താൽ കൺസീലിയേഷൻ വഴി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. അതിന് മാനേജ്മെൻറിന്റെ സൗജന്യത്തിന് യൂണിയനുകൾ പോകേണ്ട ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഒരു വ്യവസായത്തിൽ ഒരു ട്രെയിഡ് യൂണിയൻ എന്ന നിർദ്ദേശം ചില ട്രെയിഡ്യൂണിയനുകൾ ഉന്നയിച്ചിട്ടുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? പുതിയ നിയമ നിർമ്മാണം നടത്തുമ്പോൾ ഇക്കാര്യം കൂടി പരിഗണിച്ചുകൊണ്ട് നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : ഒരു വ്യവസായത്തിൽ ഒരു ട്രെയിഡ് യൂണിയൻ എന്നു പറയുന്നതിനെക്കാളും റെക്കഗ്നിഷൻ ഉണ്ടാക്കുമ്പോൾ ഭൂരിപക്ഷം തൊഴിലാളികൾക്ക് പ്രാതിനിദ്ധ്യമുള്ള റെക്കഗ്നൈസ്ഡ് യൂണിയൻ ഉണ്ടാക്കത്തക്ക നിലയിൽ ചെയ്യണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. ടി. എസ്. ജോൺ : നിഷ്പക്ഷമായ ഒരു റെഫറണ്ടം നടപ്പിലാക്കിയില്ലെന്നുള്ളതുകൊണ്ട് മന്ത്രി ഇപ്പോൾ പറഞ്ഞതുപോലെ ഭൂരിപക്ഷം തൊഴിലാളികളെ റപ്രസൻറ് ചെയ്യുന്ന യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുന്ന സ്ഥിതി ഇന്ന് കെ.എസ്.ആർ.ടി.സി. യിൽ ഉണ്ടായിട്ടില്ലെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഹൈക്കോടതിയുടെ ഡയറക്ഷനനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

20 ശതമാനം തൊഴിലാളികളുള്ള യൂണിയനുകൾക്ക് അംഗീകാരം കൊടുക്കണം. ആ വസ്തുത കണക്കിലെടുത്ത് നിഷ്പക്ഷമായ ഒരു റെഫറണ്ടം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? നിഷ്പക്ഷമായി യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുന്നതുവരെ, നിയമവിരുദ്ധമായി അംഗീകാരം പിൻവലിച്ച യൂണിയനുകളെ നിലനിർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ഹൈക്കോടതി വിധി എല്ലാപേരും അംഗീകരിക്കണം. അതു സംബന്ധിച്ച് നടത്തിയ നടപടികളിൽ എന്തെങ്കിലും പിശകുകളുണ്ടെങ്കിൽ വീണ്ടും ഹൈക്കോടതിയെ സമീപിച്ച് പ്രശ്നം പരിഹരിക്കുക എന്നുള്ളതാണ് നിയമപരമായ മാർഗ്ഗം. ആ വിധി സംബന്ധിച്ച് പോളിസി കാസ്റ്റിംഗ് പരിഹരിക്കാവുന്ന മാർഗ്ഗം ഇപ്പോഴും പ്രപ്പോസ് ചെയ്തിട്ടില്ല.

ശ്രീ. കെ. മുസ്സക്കുട്ടി : ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്ന തത്വം അംഗീകരിക്കാതെ ഇപ്പോഴും നടത്തിയിരിക്കുന്ന ഈ റെഫറണ്ടം കെ.എസ്. ആർ.ടി.സി. യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിയനുകളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഗൂഢാലോചനയുടെ ഭാഗമല്ലേ ? യഥാർത്ഥത്തിൽ, രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെ പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കാത്തതരത്തിലുള്ള ഒരു ഏകീകൃതമായ നടപടിയെടുക്കാൻ പ്രേരിപ്പിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ഹൈക്കോടതി വിധി ഇവിടെ ഇംപ്ലിമെൻറ് ചെയ്തു. ലേബർ ഡിപ്പാർട്ട്മെൻറുമായി കൺസൾട്ട് ചെയ്തിട്ട് ചെയ്ത കാര്യങ്ങളൊന്നുമല്ല ഇത്. (ബഹളം) ഹൈക്കോടതി വിധി ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറ് - നടപ്പിലാക്കിയതിൽ പരാതിയുണ്ടെങ്കിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറിലോ അല്ലെങ്കിൽ ഹൈക്കോടതിയിലോ പോയി പരിഹരിക്കേണ്ടതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : കെ. എസ്. ആർ. ടി. സി. യിലെ ഒഴിവുകളിൽ പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്ന് കോടതി വിധിയുണ്ടായിട്ടും, പിരിച്ചുവിടാൻ കോടതി നിർദ്ദേശിച്ച താൽക്കാലിക ജീവനക്കാരെ വോട്ടിംഗിൽ പങ്കെടുപ്പിച്ചതിനെപ്പറ്റി സർക്കാരിന്റെ അഭിപ്രായം എന്താണ് ? ഈ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ഇൻഡസ്ട്രീസിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും തർക്കം ലേബർ ഡിപ്പാർട്ട്മെൻറിൽ വന്നാൽ അത് പ്രോസസ് ചെയ്യാം. ഇതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇവിടെ അങ്ങനെയൊരു നിയമമില്ല. അതുകൊണ്ട് നിയമം നടപ്പിലാക്കാൻ വകുപ്പുകളുമില്ല. ഇവിടെ ഉണ്ടായിട്ടുള്ളത് ഹൈക്കോടതി വിധി അനുസരിച്ചാണ്. ഹൈക്കോടതി വിധിയിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത്, ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറിനേയോ ഹൈക്കോടതിയേയോ സമീപിച്ച് പരിഹരിക്കണം. ഇവിടെ അങ്ങനെ ഒരു നിയമമില്ല.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : എന്റെ ചോദ്യത്തിന് മറുപടി പറഞ്ഞില്ല. - കെ.എസ്.ആർ.ടി.സി. യിലെ നിയമനങ്ങൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നടത്തണമെന്ന് നിർദ്ദേശമുണ്ടായിട്ടും പിരിച്ചുവിടാൻ നിർദ്ദേശിച്ച താൽക്കാലിക ജീവനക്കാരെ വോട്ടിംഗിൽ പങ്കെടുക്കാൻ അനുവദിച്ചതിൽ സർക്കാരിന്റെ നയമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ : ഈ ചോദ്യത്തിൽ നിന്നും ഇങ്ങനെയൊര ഉപചോദ്യം ഉദ്ദേശിച്ചിരുന്നില്ല.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ റെഫറണ്ടത്തെ സംബന്ധിച്ച് മന്ത്രി പറഞ്ഞത് കെ. എസ്. ആർ. ടി. സി. യിൽ നടന്ന റെഫറണ്ടത്തിൽ ഗവൺമെന്റിനും ഡിപ്പാർട്ട്മെന്റിനും ഒരു ഉത്തരവാദിത്വവുമില്ലെന്നാണ്. അതുകൊണ്ട് റെഫറണ്ടത്തോടുള്ള ഗവൺമെന്റിന്റെ സമീപനമെന്താണ് ? അതിൽ ഭൂരിപക്ഷം ഉള്ളവരെ അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : റെഫറണ്ടത്തിന് അംഗീകാരം നൽകുന്നതു സംബന്ധിച്ച് ഒരു നിയമവും നമ്മുടെ രാജ്യത്ത് നിലവിലില്ല. ഒരു യൂണിയൻ ഇതിനെ സംബന്ധിച്ച് നൽകിയ കേസിൽ, ഇന്നപ്രകാരം പ്രവർത്തിച്ചുകൊള്ള ണമെന്ന് ട്രാൻസ്പോർട്ട് കോർപ്പറേഷന് ഹൈക്കോടതിയിൽ നിന്നും ഒരു ഡയറക്ഷൻ നൽകുകയുണ്ടായി. ആ ഡയറക്ഷനനുസരിച്ച് അവർ പ്രവർത്തിച്ചു. അതിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ, അതിന്റെ ഇംപ്ലിമെന്റേഷനെ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അതിന് ഹൈക്കോടതിയിൽ നിന്നുതന്നെ പരിഹാരമുണ്ടാക്കേണ്ടതുണ്ട്. എന്നാൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടിനേയോ ലേബർ ലെജിസ്ലേഷനേയോ സംബന്ധിച്ച് എന്തെ കിലും തർക്കം ഉത്പാദിക്കുന്നുവെങ്കിൽ അത് ലേബർ ഡിപ്പാർട്ട്മെന്റിൽ റെയ്സ് ചെയ്താൽ ഞങ്ങൾ പരിഹരിക്കാം. എന്നാൽ ഇതുവരെ അങ്ങനെ ഒരു തർക്കം ഉന്നയിച്ചിട്ടില്ല. ഒരു നിയമനിർമ്മാണം നടത്തി അതിന് നോംസും നിയമവും ഉണ്ടാക്കണമെന്നുള്ളതാണ് ഇതിൻമേൽ ഗവൺമെന്റിന്റെ സമീപനം. അതിനുവേണ്ടിയുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി : ഹൈക്കോടതി വിധിയുണ്ടായി റെഫറണ്ടം നടന്നു. ഒരു യൂണിയന് റെക്ഗ്നിഷൻ പ്രഖ്യാപിച്ചു ; അംഗീകാരം നൽകി. റെപ്രസെന്റേറ്റീവ്സിന് കപ്പാസിറ്റിയുള്ള മറ്റു യൂണിയനുകളിൽ നിന്നും പത്തൊമ്പതു ശതമാനത്തോളം തൊഴിലാളികൾ റെപ്രസന്റു ചെയ്യുന്ന പല യൂണിയനുകളുമുണ്ട്. ഇതുപോലെ പ്രശ്നമുണ്ടായിട്ടുള്ളതായി ഗവൺമെന്റു കരുതുന്നുണ്ടോ? റെപ്രസെന്റേറ്റീവ് യൂണിയൻസ് ഉണ്ട്, റെക്ഗ്നൈസ്ഡ് യൂണിയൻസ് ഉണ്ട്. റെപ്രസന്റേറ്റീവ് യൂണിയൻ സിന് തൊഴിലാളിത്തർക്കം ഉന്നയിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യാം. എന്നാലും ഹൈക്കോടതി വിധിമൂലം ഉണ്ടായിട്ടുള്ള പ്രത്യേക സാഹചര്യത്തിൽ വ്യവസായമേഖലകളിൽ ഒരു വ്യവസായത്തിന് ഒരു യൂണിയൻ എന്നുള്ള തത്വത്തെ മുൻനിറുത്തി പ്രവർത്തിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റ് ഇതു സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ? ഇത് സംബന്ധിച്ച് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള നയമെന്താണ്?

ശ്രീ. കെ. ശിവദാസൻ : ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്നത് കേരളത്തിൽ പ്രായോഗികമാണെന്ന് ഗവൺമെന്റു വിചാരിച്ചിട്ടില്ല. ഈ ഗവൺമെന്റ് എന്നല്ല ഏതു ഗവൺമെന്റിനും ഇത് പ്രായോഗികമായിരിക്കുക യില്ല. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. പി. പ്രഭാകരൻ നേരത്തെ ഉന്നയിച്ച ലാപ്സായ ബില്ലിലും 15 ശതമാനമുള്ള ഏതു യൂണിയനും അംഗീകാരം കൊടുക്കാവുന്നതാണ് എന്നു തന്നെയാണ് പറഞ്ഞിരിക്കുന്നത്. അഖിലേന്ത്യാ ടിസ്ഥാനത്തിൽ കൂടിയിട്ടുള്ള ബോഡികളും 15 ശതമാനമാണ് റെക്കമെന്റു ചെയ്തിട്ടുള്ളത്. ജനതാഗവൺമെന്റു കൊണ്ടുവന്ന ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടിൽ 50 ശതമാനം എന്ന് പറഞ്ഞതിനെ നമ്മളൊക്കെ എതിർത്ത

ആളുകളാണ്. ഒരു വ്യവസായത്തിന് ഒരു യൂണിയൻ എന്ന് പറയുന്നത് ഇന്നുവരെ ട്രേഡ് യൂണിയൻ രംഗത്തുള്ള എല്ലാ മുദ്രാവാക്യങ്ങൾക്കും എതിരാണ്. അതുകൊണ്ട് 10 ശതമാനം വേണമോ, 15 ശതമാനം വേണമോ, 20 ശതമാനം വേണമോ എന്നതു സംബന്ധിച്ചുള്ള ചർച്ചകളാണ് ആരംഭിക്കേണ്ടത്. എന്തുകൊണ്ട് 15 ശതമാനം വച്ചുവെന്ന് ചോദിച്ചാൽ ഇപ്പോൾ കെ.എസ്.ആർ.ടി.സി. യിൽ ഉള്ളതുപോലെ 25 ശതമാനം എന്ന് പറഞ്ഞാൽ 75 ശതമാനം പുറത്താകുന്ന സാഹചര്യം വ്യവസായ സമാധാനത്തിന് സഹായകരമാവില്ലായെന്നതുകൊണ്ടാണ്. റെക്കഗ്നിഷൻ വരുമ്പോൾ എഴുപത്തഞ്ചു എൺപതു ശതമാനത്തിനു മുകളിലെങ്കിലും തൊഴിലാളികൾ പ്രസെന്റേറ്റീവ് ക്യാരക്ടറിന് മുകളിൽ വന്നാലല്ലേ വ്യവസായ സമാധാനം ഉണ്ടാകൂ. ഇത് അംഗീകരിച്ചുകൊണ്ടുള്ള ഒരു നയം ആവിഷ്കരിക്കുന്ന ഒരു ബില്ല് കൊണ്ടുവരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. എ. സി. ജോസ് : ഹൈക്കോടതിയിൽ നിന്നും വന്നിട്ടുള്ള വിധിയിൽ ഇന്ന യൂണിയനുകൾ അംഗീകരിക്കണം ഇന്ന യൂണിയനുകൾ അംഗീകരിക്കേണ്ട എന്നൊന്നും പറഞ്ഞിട്ടില്ല. ആ വിധി പരിശോധിച്ചു ഗവൺമെന്റിപ്പോൾ ഒരു നിയമനിർമ്മാണം നടത്തുന്നതിന് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് കെ.എസ്. ആർ. ടി. സി. യിൽ ഒരു യൂണിയൻ എന്ന നയത്തിൽ അന്തിമതീരുമാനം ആകുന്നതുവരെ നിലവിലുള്ള യൂണിയനുകൾക്ക് അംഗീകാരം കൊടുത്തുകൊണ്ട് ആ സ്റ്റാറ്റസ് കോമെയിൻറയിൻ ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ : ഹൈക്കോടതി നിർദ്ദേശങ്ങളുടെ ഉള്ളിൽ നിന്ന് എന്തുചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇതിനു പുതിയ നിയമനിർമ്മാണം കൊണ്ടുവരാൻ ഗവൺമെന്റു ഉദ്ദേശിക്കുന്നുവെന്നാണ് മന്ത്രി മറുപടി പറഞ്ഞത്. ആ നിയമം നടപ്പിലാകുന്നതുവരെ ഇപ്പോൾ നടത്തിയ റെഫറണ്ടം നിർത്തിവച്ച് സ്റ്റാറ്റസ്കോ മെയിൻറയിൻ ചെയ്യാൻ ഗവൺമെന്റു തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ : ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയ ഒരെണ്ണത്തിനു അങ്ങനെ അധികാരം ഉണ്ടോ എന്നത് പരിശോധിക്കേണ്ട വിഷയമാണ്.

1982-83 മുതൽ വാങ്ങിയ പൈപ്പുകൾ

* 93 [98] ശ്രീ. എ. വി. താമരാക്ഷൻ :
,, എ. സി. ഷൺമുഖദാസ് :
,, എ. കെ. ശശീന്ദ്രൻ :
,, ലോനപ്പൻ നമ്പാടൻ :
,, കെ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83, 1983-84, 1984-85, 1985-86 വർഷങ്ങളിൽ ഓരോ വർഷവും പി.എച്ച്.ഇ.ഡി. യും വാട്ടർ അതോറിറ്റിയും എത്ര കോടി രൂപയുടെ പൈപ്പുകൾ വാങ്ങി എന്നു വ്യക്തമാക്കാമോ ;

(ബി) ഇത്രയും പൈപ്പു വാങ്ങാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly